<u>ഉത്തരം</u>

(എ) തലശ്ശേരി ജനറൽ ആശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ കണക്ക പരിശോധനയിൽ ഗേറ്റ് പാസ് അഴിമതിയിൽ ഏകദേശം 17,45,515 രൂപയുടെ അഴിമതി കണ്ടെത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിൽ നടത്തിയ അന്വേഷണത്തിൽ 9,11,750 രൂപയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ശ്രീ.രാമൻ, ഹെഡ് സെക്യൂരിറ്റി 5,00,000 രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തി ക്രൈം നമ്പർ 53/2014 ആയി കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും താൽക്കാലിക ജീവനക്കാരനായ ശ്രീ. രാമന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഫിനാൻസ് വിംഗ് നടത്തിയ അന്വേഷണത്തിൽ സെക്യൂരിറ്റി ഹെഡ്ഡിന് ലഭിച്ച പാസ്‌വേർഡ് ഉപയോഗിച്ചാണ് വെട്ടിപ്പ് നടത്തിയത്. ശ്രീ. രാമൻ ആയിരുന്നു സെക്യൂരിറ്റി ഹെഡ്.

(സി) സ്ഥിരം ഉദ്യോഗസ്ഥന്റെ പേര് അക്കൗണ്ടന്റ് ജനറലോ ഫിനാൻസ് വിംഗോ പോലീസോ അറിയിച്ചിട്ടില്ല. ആയതിനാൽ നടപടിയെടുത്തിട്ടില്ല. അന്വേഷണം നടന്നുവരുന്നു.

(ഡി) വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ബാലഭവനുകൾ**

233(247) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 16-ന് മുൻപ് സംസ്ഥാനത്തെ എല്ലാ ബാലഭവനുകളും ജുവൈനൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് സാവകാശം അനുവദിക്കുമോ; ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പുതിയ നിയമപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള അധിക ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഓരോ കുട്ടിക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആക്ടിലെ കർശന വ്യവസ്ഥകൾ നടപ്പിലാക്കിയാൽ സംസ്ഥാനത്തെ അനാഥാലയങ്ങളുടെയും ബാലഭവനുകളുടെയും പ്രവർത്തനം നിന്നുപോകുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15-1-2016 മുതൽ 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് (കെയർ ആന്റ് പ്രൊട്ടക്ഷൻ) പ്രാബല്യത്തിൽ വന്നു. പ്രസ്തുത ആക്ടിലെ സെക്ഷൻ 41 പ്രകാരം എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും ജെ.ജെ. ആക്ട് നിർദ്ദേശിക്കുന്ന പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ട് പ്രാബല്യത്തിൽ വന്ന തീയതിയായ 15-1-2016 മുതൽ ആറ് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അത് പ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ട അവസാന തീയതി 14-7-2016 ആയിരുന്നു. എന്നാൽ ചില ഓർഫനേജുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 7-7-2016 വരെ ഓർഫനേജുകൾക്ക് തൽസ്ഥിതി തുടരുവാൻ അനുവാദം നൽകുകയുമുണ്ടായി. തുടർന്ന് ഈ ഇടക്കാല ഉത്തരവിന്റെ കാലാവധി നാല് മാസം കൂടി ദീർഘിപ്പിച്ചിട്ടുണ്ട് (WP(C) No. 13869/15(G)). അങ്ങനെയാകുമ്പോൾ ഓർഫനേജുകൾക്ക് 7-11-2016 വരെ തൽസ്ഥിതി തുടരാം. സ്റ്റേ ഒഴിവാക്കുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ നേരിട്ട് നടത്തുന്ന ജുവനൈൽ ജസ്റ്റിസ് ഹോമുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് വ്യവസ്ഥയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അങ്കണവാടികളുടെ പ്രവർത്തനം**

234(248) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭ, ചാത്തന്നൂർ, ചിറക്കര, പൂതക്കുളം, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, പൂയപ്പള്ളി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നിന്റെയും പരിധിയിൽ എത്ര അങ്കണവാടികൾ വീതം പ്രവർത്തിക്കുന്നുണ്ട്;